**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1945** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സാങ്കേതിക സർവ്വകലാശാലയിലെ സർട്ടിഫിക്കറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സാങ്കേതിക സർവകലാശാലയിൽ വിവിധ ബിരുദ കോഴ്സുകൾ പാസ്സായിട്ടും നാളിതുവരെ സർട്ടിഫിക്കറ്റ് കൈപ്പറ്റാത്ത വിദ്യാർത്ഥികളുടെ എണ്ണം തരം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 03-12-2022 വരെ സർട്ടിഫിക്കറ്റ് കൈപറ്റാത്ത വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>**ബിടെക് :-**<br>• റിക്വസ്റ്റ് അപ്രൂവ്ഡ് -1819<br>• റിക്വസ്റ്റ് സബ്മിറ്റെഡ് -1841<br><br>**ബി ആർക്ക് :-**<br>• റിക്വസ്റ്റ് അപ്രൂവ്ഡ് -96<br>• റിക്വസ്റ്റ് സബ്മിറ്റെഡ് -15<br><br>**ബി എച്ച് എം സി ടി:-**<br>• റിക്വസ്റ്റ് അപ്രൂവ്ഡ് -0<br>• റിക്വസ്റ്റ് സബ്മിറ്റെഡ് -4 |
| (ബി) | ഇതിൽ സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും ഇവരുടെ പരീക്ഷാ ഫലം എന്നാണ് പ്രസിദ്ധീകരിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | 03-12-2022 വരെ വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>• ബിടെക് - 45339<br>• ബി ആർക്ക് - 409<br><br>ഇതിനു പുറമെ റിക്വസ്റ്റ് അപ്രൂവ്ഡ്, റിക്വസ്റ്റ് സബ്മിറ്റെഡ് സ്റ്റാറ്റസുകളിലായി യഥാക്രമം 1819, 1841 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനായുണ്ട്.<br><br>ബിടെക് ബിരുദ ഫലം 2022 ആഗസ്റ്റ് 1 - നും, ബി.ആർക് 2022 ജൂലൈ 29 - നും, ബിഎച്ച്എംസിറ്റി 2022 ജൂലൈ 22-നും പ്രസിദ്ധീകരിക്കുകയുണ്ടായി. |
| (സി) | സർട്ടിഫിക്കറ്റിന് വേണ്ടി അപേക്ഷിച്ചിട്ടും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് | (സി) | ബിടെക് ബിരുദ സർട്ടിഫിക്കറ്റിന് അപേക്ഷിക്കാനുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് 12-08-2022 ന് തന്നെ പോർട്ടലിൽ ഒരുക്കിയിരുന്നു. |

| | | | |
|---|---|---|---|
| | കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | ഉപരിപഠനത്തിനും, മറ്റ് അത്യാവശ്യമായ ആവശ്യങ്ങൾക്ക് വേണ്ടി സർട്ടിഫിക്കറ്റ് അടിയന്തരമായി വേണ്ട വിദ്യാർഥികൾക്ക് എക്സ്പ്രസ്, ഫാസ്റ്റ് ട്രാക്ക് സൗകര്യങ്ങൾ ലഭ്യമായിരുന്നു. അതോടൊപ്പം സർട്ടിഫിക്കറ്റ് സാവധാനം ആവശ്യമുള്ളവർക്ക് നോർമൽ മോഡ് ആയി അപേക്ഷിക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു.<br><br>സാങ്കേതിക സർവകലാശാലയിൽ നിന്നും നൽകിവരുന്ന ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ വൈസ് ചാൻസലറുടെ ഡിജിറ്റൽ ഒപ്പാണ് പതിക്കുന്നത്. ഒരേ കാലയളവിൽ രണ്ടു വൈസ് ചാൻസലറുടെ ഒപ്പ് സർട്ടിഫിക്കറ്റുകളിൽ വരാതിരിക്കാൻ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറത്തു പോകേണ്ടി വന്ന വൈസ് ചാൻസലർ ഒപ്പിട്ട ഡിഗ്രി സർട്ടിഫിക്കറ്റുകൾ നിരാകീകരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഈ അവസ്ഥ നടാടെയായതിനാൽ സിസ്റ്റത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് കാലതാമസം എടുത്തിരുന്നു. പുതിയ വൈസ് ചാൻസലർ ചാർജെടുത്ത ശേഷം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുമ്പോൾ സാങ്കേതിക തകരാർ കാണിച്ചിരുന്നു. ഈ സാങ്കേതിക പ്രശ്നം കാരണം സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. എന്നാൽ സാങ്കേതിക തകരാർ പരിഹരിച്ചത് മുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു തുടങ്ങുകയുണ്ടായി. |
| (ഡി) | സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ വൈകുന്നത് കാരണം വിദ്യാർത്ഥികൾക്ക് ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴിയും അല്ലാതെയും ലഭിച്ച തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ്, ഗ്രേഡ് കാർഡ് എന്നിവ റിസൾട്ട് പരസ്യപ്പെടുത്തിയ ദിവസം തന്നെ വിദ്യാർത്ഥികൾക്ക് നേരിട്ട് എടുക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. കൂടാതെ വിദേശ പഠനത്തിനും ഉപരിപഠനക്കാർക്കും വേണ്ടി ട്രാൻസ്ക്രിപ്റ്റ്, ജെനുവിനിറ്റി സർട്ടിഫിക്കറ്റ്, ഇതര സർട്ടിഫിക്കറ്റ്, ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് എന്നിവ മുടക്കമില്ലാതെ വിദ്യാർഥികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഭിച്ച അവസരങ്ങൾ നഷ്ടപെടാതിരിക്കുന്നതിനായി കോൺഫിഡൻഷ്യൽ പാസ് സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ